ഉത്തരം

(എ) 8-12-1998-ൽ പണി ആരംഭിച്ചു. എഗ്രിമെന്റ് പ്രകാരം പണി പൂർത്തിയാക്കേണ്ടിയിരുന്നത് 7-6-2000 ലായിരുന്നു.

(ബി) കരാറുകാരന്റെ അനാസ്ഥ കാരണം പണി പൂർത്തിയാക്കാൻ കഴിഞ്ഞില്ല. ഈ പണി 12/2001-ൽ പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വർക്കല ആർ.യു.ബി.യുടെ നിർമ്മാണ പ്രവർത്തനങ്ങൾ

68 (748) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ആർ.യു.ബി. യുടെ (റോഡ് അണ്ടർ ബ്രിഡ്ജ്) നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ പണി തുടർന്ന് നടത്താൻ കഴിയാത്ത സാമ്പത്തിക ബുദ്ധിമുട്ട് ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ ;

(സി) ജോലി അടിയന്തിരമായി പൂർത്തിയാക്കാതെ വന്നാൽ ഉണ്ടാകുന്ന ഗതാഗതക്കുരുക്ക് അവസാനിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) ഈ പണി തുടർന്ന് നടത്താൻ ആവശ്യമായ ഫണ്ട് നൽകാൻ അടയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിർമ്മാണ പ്രവർത്തനങ്ങൾ ഏകദേശം 50 ശതമാനം പൂർത്തിയായിട്ടുണ്ട്.

(ബി-ഡി) ആവശ്യമായ ഫണ്ട് ലഭ്യമാക്കി പണി കഴിയുന്നതും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

അറുമാനൂർ-തണ്ടാശ്ശേരി റോഡിലെ നീറിക്കാട് മുതല വാലേൽ പാലം

69 (749) ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) അറുമാനൂർ-തണ്ടാശ്ശേരി റോഡിലെ നീറിക്കാട് മുതല-വാലേൽ പാലം വീതി കൂട്ടി ശക്തിപ്പെടുത്തണമെന്ന ആവശ്യം ഗവൺമെന്റിന്റെ പരിഗണനയിൽ ഉണ്ടോ ;

(ബി) എങ്കിൽ ഇതിനു വേണ്ടി എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(സി) വളരെയധികം ഗതാഗതത്തിരക്കുള്ള ഈ പാലം എത്രയും വേഗം വീതി കൂട്ടി ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) ഉണ്ട്.എം.പി. എൽ.എ.ഡി. സ്കീമിൽ 5-1-2001 ൽ ടെണ്ടർ ചെയ്തെങ്കിലും, ടെണ്ടർ ഒന്നും ലഭിക്കാത്ത സാഹചര്യത്തിൽ റീടെണ്ടറിന് നടപടികൾ എടുത്തു വരുന്നു.

(സി) നടപടികൾ സ്വീകരിച്ചു വരുന്നു.

വടക്കാഞ്ചേരി റെയിൽവേ പാലത്തിനോടനുബന്ധിച്ചുള്ള റോഡിന്റെ പണി

70 (750) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി റെയിൽവേ മേൽപ്പാലത്തിനോടനുബന്ധിച്ചുള്ള റോഡിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) വടക്കാഞ്ചേരി ആർ.ഒ.ബി.ക്ക് അനുബന്ധമായി റോഡ് പണിയുന്നതിന് ഇതുവരെ എത്ര രൂപ ചെലവായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) അനുബന്ധ റോഡിന്റെ പണി പൂർത്തിയാക്കി റെയിൽവേയ്ക്ക് എന്ന് കൈമാറാൻ കഴിയും ?

ഉത്തരം

(എ) പണി 30 ശതമാനം പൂർത്തിയായിട്ടുണ്ട്.

(ബി) 18,41,444 രൂപ

(സി) 2002 മാർച്ചിൽ പണി പൂർത്തികരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

വ്യവസായ സംരംഭങ്ങൾ

71 (560) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2001 ജനുവരി 31 വരെ പൊതുമേഖല, സഹകരണമേഖല, സ്വകാര്യ മേഖല എന്നീ ഓരോ മേഖലകളിലായി ഏതെല്ലാം വൻകിട/ചെറുകിട വ്യവസായങ്ങളാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഇവയിൽ ഏതേത് വ്യവസായങ്ങൾക്കാണ് വിദേശസഹായം ലഭിച്ചിട്ടുള്ളതെന്നും ഏതെല്ലാം വിദേശരാജ്യങ്ങളിൽ നിന്നാണ് സഹായം ലഭിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ ;

(സി) ഇവയിൽ ഓരോന്നിനും വേണ്ടി കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ മുതൽ മുടക്കുകൾ എത്ര വീതമാണ് ;

(ഡി) ഇവയിലൂടെ ഉണ്ടായിട്ടുള്ള തൊഴിലവസരങ്ങൾ എത്രയെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly